# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2848

06.11.2019-ലെ മറുപടി

## അങ്ങാടി-കൊറ്റനാട് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | അങ്ങാടി, കൊറ്റനാട് എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമാകുന്ന അങ്ങാടി-കൊറ്റനാട് കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ജനകീയ പങ്കാളിത്തത്തോടെ പദ്ധതിക്കാവശ്യമായ ശുദ്ധീകരണ പ്ലാന്റിനായി സ്ഥലം ഏറ്റെടുത്തു നൽകിയിട്ടും പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (ബി) | റാന്നി - അങ്ങാടി - കൊറ്റനാട് ശുദ്ധജല വിതരണപദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 24.04.15 ൽ 1150 ലക്ഷം രൂപയ്ക്ക് NRDWP യിൽ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ NRDWP യിലെ ഫണ്ടിന്റെ അഭാവം മൂലം ഭരണാനുമതി റദ്ദാക്കുകയും പിന്നീട് 5.10.19 ൽ സ്റ്റേറ്റ്പ്ലാനിൽ പുതുക്കിയ നിരക്കനുസരിച്ച് ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ വിശദമായ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |
| (സി) | രണ്ടു പഞ്ചായത്തുകളിലെ പതിനായിരക്കണക്കിന് ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമായ ഈ കുടിവെള്ള പദ്ധതിയ്ക്ക് അടിയന്തരമായി അംഗീകാരം നൽകി, നിർമ്മാണം ആരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | റാന്നി - അങ്ങാടി - കൊറ്റനാട് ശുദ്ധജല വിതരണപദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ഇൻടേക് പമ്പ്ഹൗസ് നിർമ്മിക്കേണ്ട സ്ഥലം അളന്നു തിരിച്ച് കേരള വാട്ടർ അതോറിറ്റിക്കു കൈമാറണമെന്നഭ്യർത്ഥിച്ച് പഞ്ചായത്തിന് കത്ത് നല്കിയിട്ടുണ്ട്. ജല ശുദ്ധീകരണശാലയുടെ എസ്റ്റിമേറ്റ് തയ്യാറാക്കു |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | ന്നതിന്റെ ഭാഗമായി കോണ്ടൂർ മാപ്പ് തയാറാക്കി വരുന്നു. പദ്ധതിയിൽ ഉൾപ്പെട്ട ചെക്ക് ഡാമിന്റെ നിർമാണത്തിന് ലൊക്കേഷൻ മാപ്പ് തയ്യാറാക്കി വരുന്നു. പ്രസ്തുത പ്രവൃത്തി ജലസേചന വകുപ്പിന്റെ ഡെപോസിറ്റ് പ്രവൃത്തിയായോ അല്ലെങ്കിൽ ജലസേചന വകുപ്പിന്റെ അനുമതിയോടെ കേരള വാട്ടർ അതോറിറ്റിയുടെ ചുമതലയിൽ നിർമ്മിക്കുന്നതോ ഏതാണ് സാധ്യമായത് എന്ന് പരിശോധിച്ചു വരുന്നു. ഇൻടേക് കിണർ നിർമ്മിക്കുവാനുള്ള സ്ഥലത്തിന്റെ മണ്ണ് പരിശോധനക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ